## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1152** **12.06.2014-ൽ മറുപടിക്ക്**

## എളങ്കുന്നപ്പുഴ വില്ലേജിന്റെ പരിധിയിൽ താമസക്കാരായ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിന് നടപടി

**ചോദ്യം:**

ശ്രീ. എസ്. ശർമ്മ

**മറുപടി :**

**ശ്രീ. അടൂർ പ്രകാശ്**
(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) കൊച്ചി താലൂക്കിലെ എളങ്കുന്നപ്പുഴ വില്ലേജിന്റെ പരിധിയിൽ വർഷങ്ങളായി സ്ഥിരതാമസക്കാരായ 27 കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(എ) എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ 27 കുടുംബങ്ങൾക്ക് കടൽ ഭിത്തിയോട് ചേർന്നുള്ള സ്ഥലത്തിന് പട്ടയം നൽകുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി CRZ പരിധിയിൽ വരുന്നതായതിനാൽ പ്രസ്തുത സ്ഥലത്ത് കൺസ്ട്രക്ഷൻ അനുവദിക്കാമോ എന്നതിൽ അഭിപ്രായത്തിനായി CESS ന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ളതാണ്.

(ബി) ഇവരുടെ അപേക്ഷ സർക്കാരിന്റെ മുമ്പിൽ എത്തിയിട്ട് എത്രനാളായെന്നും പട്ടയം അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്നും എന്നത്തേക്ക് തീർപ്പ് കൽപ്പിക്കുവാൻ ആകുമെന്നും വ്യക്തമാക്കുമോ?

(ബി) കക്ഷികളുടെ അപേക്ഷയിന്മേൽ കൊച്ചി തഹസീൽദാരുടെ അന്വേഷണത്തിനുശേഷം എറണാകുളം ജില്ലാ കളക്ടർ നടപടികൾ 14.01.2013 ൽ ആരംഭിച്ചു. 1964 ലെ കേരള ഭൂമി പതിവു ചട്ടം 11 (2) V പ്രകാരം കടലിന്റെ ഹൈ വാട്ടർ മാർക്കിൽ നിന്നും 100 അടി ദൂര പരിധിയിലുള്ള ഭൂമി പതിച്ചു കൊടുക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ